**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശസ്വയംഭരണ വകുപ്പ് - ജീവനക്കാര്യം - കോഴിക്കോട് ജില്ലയിലെ വളയം ഗ്രാമപഞ്ചായത്തിലെ വളയം ടൗൺ വായനശാല നടത്തിപ്പുകാരനും ടി. വി സംരക്ഷകനുമായ ശ്രീ. കെ.കണ്ണന് പ്രതിമാസം 12000/- രൂപ വേതനം അനുവദിക്കുന്നതിനു അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ (ഇപിഎ) വകുപ്പ്**

**സ.ഉ (സാധാ) നം. 1562/ 2019/ തസ്വഭവ തീയതി, തിരുവനന്തപുരം, 24/ 07/ 2019**

---

പരാമർശം : 1. ശ്രീ.കെ.കണ്ണൻ സമർപ്പിച്ച 16.07.2018 ലെ അപേക്ഷ
2. 06/ 09/ 1996 ലെ സ.ഉ(സ) നം. 3351/ 96/ തഭവ
3. പഞ്ചായത്ത് ഡയറക്ടറുടെ 23.01.2019 തീയതിയിലെ PAN/ 26976/ 2018-E5(DP) നം. കത്ത്

**<u>ഉത്തരവ്</u>**

കോഴിക്കോട് ജില്ലയിലെ വളയം ഗ്രാമപഞ്ചായത്തിലെ വളയം ടൗൺ വായനശാല നടത്തിപ്പുകാരനും ടി.വി സംരക്ഷകനുമായ ശ്രീ.കെ.കണ്ണൻ പരാമർശം (1) പ്രകാരം സമർപ്പിച്ച അപേക്ഷയിൽ ടിയാൻ മേൽ വായനശാലയിൽ 08.09.1996 ലെ പഞ്ചായത്ത് തീരുമാനം പ്രകാരവും 06.09.1996 ലെ സർക്കാർ ഉത്തരവ് പ്രകാരവും നാളിതുവരെയായി പ്രസ്തുത ജോലി ചെയ്ത് വരികയാണെന്നും പുസ്തകങ്ങൾ വിതരണം ചെയ്യുക, പത്രമാസികകൾ വായനയ്ക്ക് ശേഷം സൂക്ഷിച്ച് വയ്ക്കുക, വായനശാലയിലെ ടി.വി പൊതു ജനങ്ങളുടെ ആവശ്യ പ്രകാരം പ്രവർത്തിപ്പിക്കുക മുതലായ ജോലികൾ ചെയ്തു വരുന്ന ടിയാൾക്ക് മാസത്തിൽ ആയിരം രൂപ മാത്രമാണ് വേതനം ലഭിക്കുന്നതെന്നും മറ്റ് ജോലിയ്ക്ക് പോകാനുള്ള ആരോഗ്യസ്ഥിതി ഇല്ലാത്തതിനാലും പ്രായപരിധി കഴിഞ്ഞിരിക്കുന്നതിനാലും ടിയാന് ഇപ്പോൾ ലഭിക്കുന്ന വേതനം കാലാനുസൃതമായി വർദ്ധിപ്പിച്ച് തരണമെന്നും അപേക്ഷിച്ചു. ഗ്രാമഞ്ചായത്തുകളിൽ പതിനൊന്നിനപരിപാടിയിൽ ഉൾപ്പെടുത്തി നിർമ്മിച്ച സാംസ്കാരികനിലയങ്ങളിലെ ലൈബ്രേറിയൻമാർക്ക് നിലവിൽ പ്രതിമാസം 12000/- രൂപ ഓണറേറിയം നല്കുന്നതായും ഗ്രാമപഞ്ചായത്തുകളിൽ ഭരണസമിതി തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ പഞ്ചായത്തുകളുടെ കീഴിലുള്ള വായനശാലകളുടെ നടത്തിപ്പിനായി ജീവനക്കാരെ നിയോഗിക്കാറുള്ളതായും മേൽ പ്രകാരവും സർക്കാർ അനുമതിയോടെയും നിയമിച്ച ശ്രീ. കണ്ണന് നിലവിലെ ജീവിതച്ചെലവുകൾ പരിഗണിച്ച് ടിയാന്റെ വേതനം കാലാനുസൃതമായി പുതുക്കിനൽകാവുന്നതാണെന്ന് പരാമർശം (3) പ്രകാരം പഞ്ചായത്ത് ഡയറക്ടർ റിപ്പോർട്ട് സമർപ്പിച്ചു. ശ്രീ.കെ.കണ്ണൻ പരാമർശം (2) ഉത്തരവ് പ്രകാരം പ്രതിമാസം 1000 രൂപ വേതനത്തിൽ നാളിതുവരെ ജോലി ചെയ്ത് വരുന്നു. വളയം ഗ്രാമപഞ്ചായത്തിന്റെ 14.03.2018 ലെ 29/ 2018 നമ്പർ തീരുമാന പ്രകാരം ടിയാന്റെ വേതനം പാർട്ട് ടൈം ജീവനക്കാരുടേതിന്

തുല്യമായ വേതനമോ അല്ലെങ്കിൽ മിനിമം ദിവസക്കൂലിയോ നൽകുന്നതിന് ആവശ്യമായ സർക്കാർ ഉത്തരവ് ഉണ്ടാകണമെന്ന് തീരുമാനിച്ചിട്ടുണ്ട്.

സർക്കാർ ഇക്കാര്യം പരിശോധിച്ചു. വായനശാല നടത്തിപ്പുകാരനും ടി.വി സംരക്ഷകനുമെന്ന തസ്തിക പഞ്ചായത്തുകളിലെ ലൈബ്രേറികളിൽ നിലവിലില്ലായെങ്കിലും വളയം ഗ്രാമപഞ്ചായത്തിൽ അൺടൈഡ് ഫണ്ട് ഉപയോഗിച്ച് നിർമ്മിച്ച വായനശാലയിലെ വായനശാല നടത്തിപ്പുകാരനും ടി വി സംരക്ഷകനുമെന്ന തസ്തികയിൽ ജോലി ചെയ്തു വരുന്ന ശ്രീ.കെ.കണ്ണൻ 22 വർഷമായി ഒരേ വേതനത്തിൽ തുടരുന്നതിനാൽ, മാനുഷിക പരിഗണന നൽകി തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിൽ പതിനൊന്നിന പരിപാടിയിൽ ഓണറേറിയം വ്യവസ്ഥയിൽ നിയമനം നൽകിയ പാർട്ട് ടൈം ലൈബ്രേറിയന്മാർക്ക് അനുവദിക്കുന്ന ഓണറേറിയം തുകയായ 12000/- രൂപ പ്രതിമാസം പഞ്ചായത്തിന്റെ തനതു ഫണ്ടിൽ നിന്നും ചെലവഴിക്കണമെന്ന വ്യവസ്ഥയിൽ ശ്രീ.കെ.കണ്ണന് അനുവദിക്കുന്നതിന് ഗ്രാമപഞ്ചായത്തിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**ഷീബ. ബി**

**ഡെപ്യൂട്ടി സെക്രട്ടറി**

ശ്രീ.കെ.കണ്ണൻ, വായനശാല നടത്തിപ്പുകാരനും ടി.വി സംരക്ഷകനും, വളയം ഗ്രാമപഞ്ചായത്ത്, കോഴിക്കോട് ജില്ല (വളയം ഗ്രാമപഞ്ചായത്ത് സെക്രട്ടറി മുഖേന)
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കോഴിക്കോട് ജില്ല.
സെക്രട്ടറി, വളയം ഗ്രാമപഞ്ചായത്ത്, കോഴിക്കോട് ജില്ല.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്) കേരള, തിരുവനന്തപുരം.
ധനകാര്യ വകുപ്പ്(നം. DEV-1/270/2017-Fin. തീയതി 08.05.2019 പ്രകാരം).
ഡയറക്ടർ, ഐ.കെ.എം (തദ്ദേശസ്വയംഭരണ വകുപ്പിന്റെ വെബ് സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിന്).
ഐ&പിആർഡി (വെബ് & ന്യൂ മീഡിയ)
ഓഫീസ് പകർപ്പ് (ഫയൽ നം. LSGD-EPA2/151/2018-LSGD)/ കരുതൽ ഫയൽ.

ഉത്തരവിൻപ്രകാരം

സെക്ഷൻ ഓഫീസർ